"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പ്രവേശനം, വിടുതൽ സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഓൺലൈനായി നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1737/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 28/05/2020

പരാമർശം:- കൈറ്റ് സി.ഇ.ഒ.യുടെ 12.05.2020 ലെ കൈറ്റ്/2020/1421 (3) നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് 19 വ്യാപനം തടയുന്നതിനായി ലോക്ഡൗൺ ദീർഘിപ്പിക്കുകയും യാത്രകൾ ഉൾപ്പെടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ സ്കൂൾ പ്രവേശന നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പ്രവേശനം, വിടുതൽ സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഓൺലൈനായി നടത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. സ്കൂൾ പ്രവേശനം പൂർണമായും ഓൺലൈൻ ആക്കേണ്ടതില്ല. ആവശ്യമുള്ളവർ ക്ക് 'സമ്പൂർണ' (sampoorna.kite.kerala.gov.in) പോർട്ടലിലൂടെ പ്രവേശനം നേടുന്നതിനുള്ള സംവിധാനം കൈറ്റ് സജ്ജമാക്കേണ്ടതാണ്.

2. സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ നിലവിൽ 1 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അടുത്ത ക്ലാസിലേയ്ക്കുള്ള പ്രൊമോഷൻ 'സമ്പൂർണ' വഴി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുപോലെ തടസമില്ലാതെ തുടരാവുന്നതാണ്.

3. സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രൊമോഷൻ വഴിയോ അല്ലാതെയോ ഉള്ള സ്കൂൾ മാറ്റത്തിന് ടി.സി.യ്ക്കുവേണ്ടി അപേക്ഷിക്കുമ്പോൾ അത് ഓൺലൈൻ ആയി 'സമ്പൂർണ' വഴി നൽകേണ്ടതാണ്. ഇത്തരം ടി.സി.യ്ക്കുള്ള അപേക്ഷ ലഭിക്കുന്ന സ്കൂളിലെ പ്രഥമാധ്യാപകർ ടി വിദ്യാർത്ഥിയെ 'സമ്പൂർണ' വഴി ട്രാൻസ്ഫർ ചെയ്യേണ്ടതും ടി.സി.യുടെ ഡിജിറ്റൽ പകർപ്പ് പുതുതായി ചേർക്കുന്ന സ്കൂളിന് ലഭ്യമാക്കേണ്ടതുമാണ്.

4. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ തുടങ്ങിയ സ്ട്രീമിൽ നിന്നും വരുന്ന കുട്ടികൾക്കും പുതുതായി സ്കൂൾ പ്രവേശനം തേടുന്ന മറ്റ് കുട്ടികൾക്കും ഓൺലൈനായി 'സമ്പൂർണ'വഴി പ്രവേശനം നടത്താവുന്നതാണ്.

5. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ 'സമ്പൂർണ' പോർട്ടലിൽ ലഭ്യമാണ്. സാധാരണ സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷാ ഫോറത്തിന് തുല്യമായ വിവരങ്ങളാണ് രക്ഷിതാവ് ഓൺലൈനിൽ നൽകേണ്ടത്. ടി അപേക്ഷ പ്രഥമാധ്യാപകരുടെ 'സമ്പൂർണ' ലോഗിനിൽ ലഭ്യമാക്കുകയും കുട്ടിയ്ക്ക് താൽക്കാലിക പ്രവേശനം നൽകുന്നതുമാണ്.

6. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് മുഖേനയോ അല്ലാതെയോ ഉള്ള സ്കൂൾ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന റഫറൻസ് നമ്പർ ഉപയോഗിച്ച് രക്ഷിതാവിന് അപേക്ഷയുടെ തൽസ്ഥിതി സമ്പൂർണ പോർട്ടലിൽ പരിശോധിക്കാവുന്ന
താണ്.

7. ഒറിജിനൽ രേഖകൾ സ്കൂളിൽ പ്രവേശിക്കുന്ന ദിവസം/ആവശ്യപ്പെടുന്ന സമയത്ത് നൽകിയാൽ മതി. ഈ സമയത്ത് അപേക്ഷയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ പ്രഥമാധ്യാപകന് വരുത്താവുന്നതാണ്.

8. നിലവിൽ ആധാർ നമ്പർ (യു.ഐ.ഡി. ) ലഭിച്ച കുട്ടികൾ പ്രസ്തുത നമ്പറും, യു.ഐ.ഡിയ്ക്ക് അപേക്ഷിക്കുകയും എൻറോൾമെന്റ് ഐ.ഡി. ലഭിക്കുകയും ചെയ്തിട്ടുള്ളവർ അതിൻപ്രകാരമുള്ള നമ്പറും (ഇ.ഐ.ഡി) നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ആധാറിന് അപേക്ഷിച്ചിട്ടില്ല എങ്കിൽ 'ഇല്ല' എന്ന രേഖപ്പെടുത്തേണ്ടതാണ്. ആധാർ നമ്പർ വാലിഡ് ആണോ എന്ന് 'കൈറ്റ്' പരിശോധിക്കേണ്ടതാണ്.

9. ഓൺലൈൻ പ്രവേശനം സംബന്ധിച്ച സഹായക രേഖകൾ, വീഡിയോകൾ എന്നിവ തയ്യാറാക്കുന്നതിനും ജില്ലാതലത്തിൽ ഹെൽപ്പ് ഡെസ്കുകൾ തയ്യാറാക്കുന്നതിനും കൈറ്റിനെ ചുമതലപ്പെടുത്തുന്നു. അതത് ജില്ലയിലെ സ്കൂൾ പ്രവേശനം സുഗമമായി നടക്കുന്നു എന്നുള്ളത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും (ഡി.ജി.ഇ. മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
സെക്രട്ടറിയുടെ പി.എയ്ക്ക്